## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

### കുട്ടനാട്ടിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ അനുവദിച്ച റോഡുകളുടെ നിർമ്മാണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1476 — 21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ 5 മുതൽ 7-ാം ഘട്ടംവരെ പി.എം.ജി.എസ്.വൈ പദ്ധതിയിൽ അനുവദിച്ച റോഡ് നിർമ്മാണങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഘട്ടങ്ങളിലെ പ്രസ്തുത റോഡുകളുടെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉപേക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | കരാർ ഉറപ്പിക്കാൻ കഴിയാതിരുന്ന 7-ാം ഘട്ടത്തിലെ എല്ലാ റോഡുകളും പദ്ധതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായി. 5-ാം ഘട്ടത്തിലെ പ്രവൃത്തികളിൽ വെളിയനാട് ബ്ലോക്കിലെ രണ്ട് റോഡുകൾ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് ശുപാർശ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഫേസ് 8 ൽ ഉൾപ്പെട്ട കുട്ടനാട്ടിലെ ഏതെല്ലാം വർക്കുകൾ ടെണ്ടർ ചെയ്തെന്നു വിശദീകരിക്കാമോ; | (സി) | 8-ാം ഘട്ടത്തിന്റെ ഒന്നാമത്തെ ബാച്ചിൽ ചമ്പക്കുളം ബ്ലോക്കിൽ "ഐ.റ്റി.സി - കൊച്ചമ്പനാടി", "പരിത്തോട്-വട്ടാടി" എന്നീ രണ്ട് റോഡ് പ്രവൃത്തികളും വെളിയനാട് ബ്ലോക്കിൽ "വെളിയനാട് എൽ.പി.എസ് - കപ്പാള", |

| | | | |
|---|---|---|---|
| | | | "കൊമ്മംകരി – കുന്നംകരി", "പയറ്റുപാക്ക – ശ്മശാനം" എന്നീ മൂന്ന് റോഡുകളും ഇതിനോടകം തന്നെ രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാരിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. |
| (ഡി) | 8-ാം ഘട്ടത്തിലെ കുട്ടനാട്ടിലെ നിർമ്മാണ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ അധിക നിരക്കുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ? | (ഇ) | 12/12/2013 ലെ സർക്കാർ ഉത്തരവ് നമ്പർ 386/2013/ജ.വി.വ പ്രകാരം 20% അധിക നിരക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

കുട്ടനാട്ടിൽ ഉൾപ്പെട്ട വെളിയനാട്, ചമ്പക്കുളം എന്നീ ബ്ലോക്കുകളിൽ പി.എം.ജി.എസ്.വൈയുടെ 5 മുതൽ 7 വരെ ഘട്ടങ്ങളിൽ അനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ ഘട്ടവും ബ്ലോക്കും തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

5-ാം ഘട്ടം

| നം. | പാക്കേജ് നമ്പർ | ബ്ലോക്ക് | ഉൾപ്പെട്ട റോഡുകൾ |
|---|---|---|---|
| 1 | കെ.ആർ-01-09 | വെളിയനാട് | പള്ളിക്കൂട്ടുമ്മ - മണലാടി |
| 2 | | | ചെറുകാപ്പ് - ജി. മംഗലം |
| 3 | | | ഈരാ - വാലടി |

പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടറുകൾ സമർപ്പിക്കാൻ കരാറുകാർ തയ്യാറായില്ല. അതിനെ തുടർന്ന് ഇവ, ഓരോ റോഡ് വീതം ഉൾക്കൊള്ളുന്ന മൂന്ന് പാക്കേജുകളായി വിഭജിച്ച്, 26.11.2011, 29.03.2012, 17.07.2012 എന്നീ തീയതികളിലെ നോട്ടീസുകൾ പ്രകാരം ടെണ്ടർ ക്ഷണിച്ചു. എന്നാൽ, 29.03.2012-ൽ ക്ഷണിച്ച ടെണ്ടറിൽ "ഈരാ - വാലടി" റോഡിനുള്ള ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ. 2100 മീറ്റർ ദൈർഘ്യം വരുന്ന റോഡിന്റെ മണ്ണുപണികളും കലുങ്കുകളുടെ അസ്ഥിവാര പണികളും പുരോഗമിച്ച് വരുന്നു. മറ്റ് രണ്ട് റോഡുകൾ പദ്ധതിയിൽ നിന്നും നീക്കം ചെയ്യുന്നതിനായി ശുപാർശ സമർപ്പിച്ചിരിക്കുന്നു.

6-ാം ഘട്ടം - ചമ്പക്കുളം ബ്ലോക്ക്

6-ാം ഘട്ടത്തിൽ ചമ്പക്കുളം ബ്ലോക്കിൽ "എ[illegible]പ്പള്ളി - [illegible] മങ്കൊമ്പ്", "കണ്ടാക്ക് - ചിറയകം" എന്നീ വർക്കുകൾ ഏറ്റെടുത്തിട്ടുണ്ട്. ടി വർക്കുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

7-ാം ഘട്ടം - ചമ്പക്കുളം ബ്ലോക്ക്

ചമ്പക്കുളം ബ്ലോക്കിൽ താഴെപ്പറയുന്ന നാല് റോഡുകൾ ഉൾപ്പെടുത്തി കെ.ആർ-01-20 എന്ന പാക്കേജിന് അനുമതി ലഭിച്ചിരുന്നു.

1. മിത്ര - ചെക്കിടിക്കാട്
2. തകഴി - കൊർക്കുഴി
3. നെടുമുടി പഞ്ചായത്ത് - പുല്ലാങ്ങാടി
4. ബ്ലോക്ക് ജംഗ്ഷൻ - പുതുവീട്

ടെണ്ടർ ക്ഷണിച്ച നോട്ടീസുകൾക്ക് കരാറുകാരിൽ നിന്നും പ്രതികരണം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓരോ റോഡ് വീതം ഉള്ള നാലു പാക്കേജായി വിഭജിച്ച് വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടും കരാർ ഉറപ്പിക്കാൻ കഴിയാതിരുന്നതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം 27.05.2013-ൽ ഉത്തരവായി.

**7-ാം ഘട്ടം - വെളിയനാട് ബ്ലോക്ക്**

7-ാം ഘട്ടത്തിൽ മൂന്ന് പാക്കേജുകളിലായി അഞ്ച് റോഡുകൾക്ക് അനുമതി ലഭിച്ചു. ക്ഷണിച്ച നോട്ടീസുകൾക്ക് ദർഘാസുകൾ നൽകാൻ കരാറുകാർ തയ്യാറാകാത്തതിനെ തുടർന്ന് പാക്കേജുകൾ വിഭജിച്ച് ടെണ്ടർ ചെയ്തു-വെങ്കിലും ഇവയ്ക്ക് കരാർ ഉറപ്പിക്കാൻ കഴിയാതിരുന്നതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി 27.05.2013-ൽ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ഉത്തരവായി.

| നം. | പാക്കേജ് നമ്പർ | ബ്ലോക്ക് | ഉൾപ്പെട്ട റോഡുകൾ |
|---|---|---|---|
| 1. | കെ.ആർ-01-24 | വെളിയനാട് | നാരകത്തറ - ചാക്കച്ചമ്പാക്കം |
| 2 | | | കിടങ്ങറ - ചെറുകാപ്പ് |
| 3 | കെ.ആർ-01-25 | | വികാസ്മാർഗ്ഗ് - കണ്ണാടി |
| 4 | | | മാലൂർ - പുളിങ്കുന്ന് |
| 5 | കെ.ആർ-01-26 | | വികാസ്മാർഗ്ഗ് - വേണാട്ട്കാട് |